# 4

# പൂവുകൾക്ക് പുണ്യകാലം

ചിത്രത്തിന്റെ പ്രത്യേകത
എന്താണ്? ചർച്ച ചെയ്യൂ?



# റോസാച്ചെടിയുടെ മുള്ളുകൾ



പണ്ട്, വളരെമുമ്പ് കാട്ടുറോസകൾക്ക്
നേർത്ത തണ്ടുകളാണുണ്ടായിരുന്നത്.
മുള്ളുകൾ ഇല്ലായിരുന്നു.
കൊച്ചുകുഞ്ഞുങ്ങൾക്കുപോലും
മുറിവേൽക്കാതെ പൂപറിക്കാം.
വയലുകൾ, പുൽമേടുകൾ,
കുന്നുകൾ, താഴ്‌വാരങ്ങൾ
എവിടെയും കാട്ടുറോസകൾ
പൂത്തകാലം. ചുവപ്പ്,
ഇളം റോസ്, മഞ്ഞ,
ഓറഞ്ച്, വെള്ള അങ്ങനെ
വിവിധ വർണങ്ങളണിഞ്ഞ
റോസാപ്പൂക്കൾക്കിടയിൽ
ചെറുചെടികളും കായ്കളും
പഴങ്ങളും നിരന്നു.

പറവകളും തേനീച്ചകളും ഒരു കുറ്റിക്കാട്ടിൽ നിന്ന് മറ്റൊന്നിലേക്ക് തേനുണ്ടു പറന്നു നടന്നു. തേനീച്ചകൾ തേനീച്ചക്കൂട്ടിൽ തേൻ നിറച്ചു. വർഷം മുഴുവനും അവയിൽ തേൻ സമൃദ്ധമായുണ്ടായിരുന്നു. മൃഗങ്ങളെല്ലാം സന്തുഷ്ടരായി. അവ ആനന്ദത്തോടെ തേൻ നുകർന്നു, വയറുനിറഞ്ഞു, കരുത്തരായി, അവയ്ക്കു തേനില്ലാതെ കഴിയാനാവില്ല എന്ന സ്ഥിതിയായി.

അങ്ങനെയിരിക്കെ ഒരു നാൾ തേനീച്ചക്കൂടുകളിലെ തേൻ തികയാതെ വന്നു. എന്താണ് കുഴപ്പം? മൃഗങ്ങൾ അതിശയിച്ചു. അവർ കാരണം തിരഞ്ഞുവെങ്കിലും കണ്ടെത്താനായില്ല. അവസാനം അവർ ഒരു യോഗം വിളിച്ചു കൂട്ടി.

“എന്താണു സംഭവിക്കുന്നത്?” അവർ പിറുപിറുത്തു.

“തേനെല്ലാം എവിടെപ്പോയി?”



“സ്...സ്...ഞങ്ങൾക്കറിയില്ല.”

“സ്...സ്... റോസകളൊന്നും ബാക്കിയില്ല.” തേനീച്ചകൾ പറഞ്ഞു.

“ഞങ്ങൾക്കും അറിയില്ല. പക്ഷേ റോസാച്ചെടികൾ ഒരിടത്തുമില്ല.” പക്ഷികൾ ചിലച്ചു.

റോസാച്ചെടികളൊക്കെ എവിടെപ്പോയി? ആർക്കും അറിയില്ല.

മൃഗങ്ങൾ കോപത്തോടെ ചുറ്റും നോക്കി. എല്ലാവരും ക്ഷീണിച്ച് ചടച്ചിരിക്കുന്നു. പക്ഷേ മുയലുകൾ!

അവ വല്ലാതെ തടിച്ചിരിക്കുന്നല്ലോ. എന്തായിരിക്കും കാരണം?

“അപ്പോൾ നിങ്ങളാണ് കാരണക്കാർ. ശരിയല്ലേ?”

മൃഗങ്ങൾ രോഷത്തോടെ അവർക്കു നേരെ തിരിഞ്ഞു.

“നിങ്ങളാണ് ഞങ്ങളുടെ റോസാച്ചെടികൾ തിന്നു മുടിച്ചത്.” മുയലുകൾ ഒന്നും മിണ്ടിയില്ല. അവർക്കെന്താണ് പറയാൻ കഴിയുക? അവരാണ് കുറ്റക്കാർ.

അതെപ്പോഴാണ് തുടങ്ങിയതെന്നോ? അന്ന്...

മുയൽ രാജൻ പുതിയ ഒരു വിഭവം ആവശ്യപ്പെട്ട നാൾ. “റോസ് ഒന്നു പരീക്ഷിച്ചു നോക്കൂ”. ഒരുവൻ പറഞ്ഞു. ഒരിക്കൽ റോസാച്ചെടി നുണഞ്ഞവർക്ക് മറ്റൊന്നും വേണ്ടാതായി. കാരറ്റ് വേണ്ട, പുൽനാമ്പുവേണ്ട, റോസമതി. അവർ അത്യാഗ്രഹികളായി. ആർത്തിമൂത്ത് തിന്നുതിന്ന് റോസാച്ചെടികൾ കുറ്റിയറ്റു.

അവരുടെ വീർത്ത വയറുകൾ തീറ്റയ്ക്കു തെളിവായി. മൃഗങ്ങൾ അവരെ ആക്രമിക്കാനായി തിരിഞ്ഞു. മുയലുകൾ കാരുണ്യത്തിനായി കേണു.



പെട്ടെന്ന് അവർ ഉച്ചത്തിലുള്ള ഒരു ശബ്ദം  കേട്ടു. "നിർത്തൂ". വനദേവത ഉറക്കെപ്പറഞ്ഞു. "മുയലുകളെ സ്വതന്ത്രരാക്കൂ". മൃഗങ്ങൾ മുയലുകളെ പോകാൻ അനുവദിച്ചു.

"വനദേവതേ, ഈ മുയലുകൾ ഞങ്ങളുടെ റോസാച്ചെടികൾ തിന്നുതീർത്തു. ഞങ്ങൾക്കിപ്പോൾ തേനും റോസുമില്ലാതെയായി." അവർ പരാതിപ്പെട്ടു.

വനദേവത മുയലുകളെ തന്റെ പൂന്തോട്ടത്തിലേക്കു കൊണ്ടുപോയി. പൂത്തുലഞ്ഞു നിൽക്കുന്ന മരങ്ങളും ചെടികളും നിറഞ്ഞ അതിമനോഹരമായ ഒരു ഉദ്യാനം. അതിന്റെ മധ്യഭാഗത്തായി റോസാച്ചെടികൾ.
വനദേവത  പറഞ്ഞു.

“മുയലുകളേ മുന്നോട്ടു പൊയ്ക്കൊള്ളൂ.
ഈ റോസാച്ചെടികൾ
നിങ്ങളുടേതാണ്.”



മറ്റു മൃഗങ്ങൾ
രോഷത്തോടെ
ആ കാഴ്ച കണ്ടു
നിൽക്കേ, മുയലുകളതാ
അവിടേക്കു കുതിച്ചു
കഴിഞ്ഞു.

“ഹായ് ! എന്തു സ്വാദാണ്
ഈ റോസാച്ചെടികൾക്ക്?” അവർ
വേഗം തീറ്റ തുടങ്ങി.

“ഔ... എന്തായിത്?” മുയലുകൾ മൂക്കുപൊത്തി നിലവിളിക്കാൻ തുടങ്ങി. അവയുടെ മൂക്കിൽ നിന്ന് രക്തം പൊടിയുന്നുണ്ടായിരുന്നു.

“മുള്ളുകൾ”. വനദേവത ചിരിച്ചുകൊണ്ടു പറഞ്ഞു. “നിങ്ങളുടെ ആർത്തിയിൽ നിന്ന് രക്ഷിക്കാൻ ഞാനവർക്ക് മുള്ളുകൾ കൊടുത്തു. ഇനി അവർക്ക് സമാധാനത്തോടെ പുഷ്പിക്കാം.”

അന്നു മുതൽക്കാണ് കൂർത്തമുള്ളുകൾ റോസാച്ചെടികളെ പൊതിഞ്ഞത്. മിക്കവാറും അവർ സമാധാനമായിത്തന്നെയാണ് പുഷ്പിക്കാറ്. അല്ല. ആരെങ്കിലും റോസാപ്പൂക്കൾ പറിക്കാറുണ്ടോ?

റഷ്യൻ നാടോടിക്കഥ

### വായിക്കാം

ഒന്നാം പേജിലെ രണ്ട് ചിത്രങ്ങളുമായി ബന്ധപ്പെട്ട ഭാഗം പാഠത്തിൽ നിന്ന് കണ്ടെത്തി വായിക്കൂ. ഉറക്കെ വായിച്ച് അവതരിപ്പിക്കൂ.

ആരുടെ വായനയാണ് നന്നായത്? എന്തുകൊണ്ട്?

### ആയിത്തീരൽ കളി

ടീച്ചറുടെ നിർദേശമനുസരിച്ച് എല്ലാവരും റോസകളും മുയലുകളും കരടികളുമൊക്കെയായി മാറി അഭിനയിക്കൂ. (മുഖംമൂടി ഉണ്ടാക്കാം)

### കഥയിലെ സന്ദർഭങ്ങൾ

കഥ ഒന്നുകൂടി വായിക്കൂ. ഇനി ഗ്രൂപ്പുകളായി ഇഷ്ടപ്പെട്ട രണ്ടു സന്ദർഭങ്ങൾ അഭിനയിച്ച് അവതരിപ്പിക്കൂ. ഓരോ അഭിനയത്തിനുശേഷവും മറ്റ് ഗ്രൂപ്പുകൾ ആ രംഗം വരുന്ന ഭാഗം പാഠപുസ്തകത്തിൽ കണ്ടെത്തി ഉറക്കെ വായിക്കൂ.

### കാരണം കണ്ടെത്താം ക്രമത്തിലാക്കി എഴുതാം

ഇവ ഓരോന്നും വായിച്ച് അതിന്റെ കാരണം കഥയിൽ നിന്ന് കണ്ടെത്താം. പിന്നീട് ക്രമത്തിലാക്കാം.

- മുയലുകൾ കാരുണ്യത്തിനായി കേണു
- മൃഗങ്ങളെല്ലാം സന്തുഷ്ടരായി
- മുയലുകളുടെ മൂക്കിൽ നിന്ന് രക്തം പൊടിയുന്നുണ്ടായിരുന്നു.
- എല്ലാവരും ക്ഷീണിച്ചു ചടച്ചിരിക്കുന്നു.
- അവർ അത്യാഗ്രഹികളായി.

ലഘുവാക്യങ്ങളിലാക്കി എഴുതാം; ഗ്രൂപ്പിൽ മെച്ചപ്പെടുത്തി എഴുതി അവതരിപ്പിക്കാം.

### ഒന്നിനെ രണ്ടാക്കാമോ?

- പറവകളും തേനീച്ചകളും ഒരു കുറ്റിക്കാട്ടിൽ നിന്ന് മറ്റൊന്നിലേക്കു പറന്നു.

  പറവകൾ ഒരു കുറ്റിക്കാട്ടിൽ നിന്ന് മറ്റൊന്നിലേക്ക് പറന്നു.

  തേനീച്ചകൾ ഒരു കുറ്റിക്കാട്ടിൽ നിന്ന് മറ്റൊന്നിലേക്ക് പറന്നു.

- പൂത്തുലഞ്ഞ് നിൽക്കുന്ന മരങ്ങളും ചെടികളും നിറഞ്ഞു നിൽക്കുന്ന മനോഹരമായ ഉദ്യാനം.

- മുയലുകൾ മൂക്കുപൊത്തി നിലവിളിക്കാൻ തുടങ്ങി.

- ഞങ്ങൾക്കിപ്പോൾ തേനും റോസുമില്ലാതായി.

## വരയ്ക്കാം നിറം കൊടുക്കാം

വനദേവതയുടെ ഉദ്യാനം വരച്ച് നിറം കൊടുക്കൂ.

## ഉറക്കെപ്പറയാം

ഭാവം ഉൾക്കൊണ്ട് വാക്യം മാറ്റി ഉറക്കെപ്പറയൂ.

- നിങ്ങൾ ഞങ്ങളുടെ റോസാച്ചെടികൾ തിന്നു തീർത്തു
- ഞങ്ങളുടെ റോസാച്ചെടികൾ നിങ്ങളാണ് തിന്നുതീർത്തത്.
- മുയലുകൾ റോസാച്ചെടികൾ തിന്നു തീർത്തു.
- വനദേവതേ, ഞങ്ങളുടെ റോസാച്ചെടികൾ തിന്നു തീർത്തത് മുയലുകളാണ്.

## അർഥം ഊഹിച്ചു പറയാം

ഓരോ കൂട്ടത്തിലും ഉള്ള പദങ്ങൾ അടങ്ങിയ ഭാഗം കഥയിൽ നിന്ന് കണ്ടെത്താമോ? ഓരോ വാക്കിന്റെയും അർഥം എന്തായിരിക്കും? നോട്ടുബുക്കിൽ എഴുതൂ.

സമൃദ്ധം
സന്തുഷ്ടരായി
ആനന്ദം
കരുത്തരായി

കോപം
ചടച്ചിരിക്കുന്ന
തടിച്ചിരിക്കുന്നു

ആർത്തി
അത്യാഗ്രഹം

ഉദ്യാനം
രോഷം

### യോഗം ചേരാം

മൃഗങ്ങൾ യോഗം ചേർന്നതിന്റെ ചിത്രം നോക്കൂ. ഇതിൽ നിന്ന് നിങ്ങൾക്ക് എത്ര ചോദ്യങ്ങളുണ്ടാക്കാം?



ചില ചോദ്യങ്ങൾ നോക്കൂ

- യോഗത്തിൽ ആരെല്ലാം വന്നിട്ടുണ്ടാവും?
- ആരായിരിക്കും അധ്യക്ഷൻ?
- എവിടെയാവും യോഗം വിളിച്ചു കൂട്ടിയത്?
- എന്തിനായിരിക്കും യോഗം വിളിച്ചു കൂട്ടിയത്?
-
-

യോഗത്തിന് ക്ഷണക്കത്ത് വേണ്ടേ? തയാറാക്കി നോക്കൂ.

പ്രിയപ്പെട്ടവരേ..............................................................................
...............................................................................................
...............................................................................................
...............................................................................................
...............................................................................................

എന്ന്

..................................

**കാര്യപരിപാടി**

പ്രാർഥന ..........................................................................
സ്വാഗതം ..........................................................................
അധ്യക്ഷത ..........................................................................
പ്രസംഗം ..........................................................................
നന്ദി ..........................................................................

## ജീവികളുടെ യോഗം

- ഓരോ ഗ്രൂപ്പും യോഗത്തിൽ എന്തു ചെയ്യണം, എന്തു പറയണമെന്ന് ചർച്ച ചെയ്ത് തീരുമാനിക്കൂ.
- ഇനി ക്ലാസിൽ ജീവികളുടെ യോഗം അവതരിപ്പിക്കാം.

## കഥയെഴുതാം

റോസാപ്പൂക്കൾക്ക് മുള്ളുണ്ടായതെങ്ങനെ എന്ന് വായിച്ചല്ലോ. ഇതു പോലെ ചില സന്ദർഭങ്ങൾ ഇതാ. ഇവയിൽ ഒന്നു തിരഞ്ഞെടുത്ത് ഒരു കഥ എഴുതൂ. തലക്കെട്ടും നൽകണേ.

- ആനയുടെ തുമ്പിക്കൈ നീണ്ടതെങ്ങനെ?



- കുന്നുകൾക്ക് ചിറകു നഷ്ടപ്പെട്ടതെങ്ങനെ?



- കാക്കയ്ക്ക് കറുത്ത നിറമുണ്ടായതെങ്ങനെ?





# കുമ്മാട്ടിപ്പാട്ട്





കള്ളക്കർക്കിടം പോയാലോ പിന്നെ
ചിങ്ങം വന്നു പിറക്കൂലോ
ചിങ്ങം വന്നു പിറന്നാലോ പിന്നെ
ഓണത്തപ്പൻ വരുമല്ലോ
ഓണത്തപ്പൻ വന്നാലോ പിന്നെ
ആറാപ്പൂവിളി കേൾക്കാലോ

ആറാപ്പൂവിളി കേട്ടാലോ പിന്നെ
ഓണക്കോടിയുടുക്കാലോ
ഓണക്കോടിയുടുത്താലോ പിന്നെ
ഓണസ്സദ്യയൊരുക്കാലോ
ഓണസ്സദ്യ ഒരുക്ക്യാലോ പിന്നെ
തുമ്പിതുള്ളലും ആകാലോ
തുമ്പിതുള്ളലുമായാലോ പിന്നെ
കൈകൊട്ടിക്കളി കാണാലോ
പുത്തരി നല്ലോണം ഉണ്ടാലോ പിന്നെ
പിള്ളേരൊത്തു കളിക്കാലോ
പിള്ളേരൊത്തു കളിച്ചാലോ പിന്നെ
ഊഞ്ഞാലാടി രസിക്കാലോ
ഊഞ്ഞാലാടി രസിച്ചാലോ പിന്നെ
കുമ്മാട്ടിക്കളി കാണാലോ
കൈകൊട്ടിക്കളി കണ്ടാലോ പിന്നെ
കുമ്മാട്ടിക്കളി കണ്ടാലോ പിന്നെ
ഒന്നും ഒന്നും വേണ്ടാലോ.

(പി.വി.സുജാത)

# കുമ്മാട്ടി

(കുമ്മാട്ടിക്കളി കണ്ടാൽ പിന്നെ മറ്റൊന്നും വേണ്ടത്രേ? എന്താണ് കുമ്മാട്ടിക്കളി?)

തൃശ്ശൂർ ജില്ലയിലും പരിസരങ്ങളിലും ഓണക്കാലത്ത് വീടുകൾ തോറും കയറിയിറങ്ങുന്ന ഒരു കലാരൂപമാണ് കുമ്മാട്ടി. കുട്ടികളും ചെറുപ്പക്കാരുമാണിതിൽ പങ്കെടുക്കുക. കളി തുടങ്ങുന്നതിന് ആഴ്ചകൾക്കു മുമ്പു തന്നെ ഒരുക്കങ്ങൾ ആരംഭിക്കും. കളിക്കാവശ്യമായ പൊയ്മുഖങ്ങൾ ഉണ്ടാക്കലാണ് ആദ്യ ചടങ്ങ്. കവുങ്ങിൻ പാളകൊണ്ടും മറ്റുമാണ് മുഖംമൂടികൾ ഉണ്ടാക്കുന്നത്. കുമ്മാട്ടികൾ ശരീരം മുഴുക്കെ ഒരു തരം പുല്ല് വച്ച് കെട്ടും. ഇതിന് കുമ്മാട്ടിപ്പുല്ല് എന്നാണ് പേര്. കളിക്ക് രണ്ടുദിവസം മുമ്പു തന്നെ പുല്ല് ശേഖരിച്ചുവയ്ക്കും. ആകർഷകമായി വേഷമണിഞ്ഞ് കുമ്മാട്ടിക്കോലും കൈയിലേന്തിയ തള്ളക്കുമ്മാട്ടിയുടെ നേതൃത്വത്തിലാണ് വീടുവീടാന്തരം കയറിയിറങ്ങുക. തള്ളക്കുമ്മാട്ടി പല്ലില്ലാത്ത കിഴവിയുടെ മുഖംമൂടിയാണ് ധരിക്കുക. ശ്രീകൃഷ്ണൻ, ഹനുമാൻ, പരമശിവൻ, കാട്ടാളൻ, പന്നി തുടങ്ങി എട്ടോ പത്തോ വേഷക്കാർ ഓരോ സംഘത്തിലുമുണ്ടാകും. പന്നിവേഷക്കാരൻ പുല്ലിന് പകരം ശരീരം മുഴുവൻ വാഴയില വെച്ചു കെട്ടിയിരിക്കും.



കുമ്മാട്ടിക്കളി നടക്കുമ്പോൾ പ്രത്യേകതരം പാട്ടുകൾ പാടാറുണ്ട്. രാമായണം പാട്ട്, ദാരികവധം പാട്ട്, മഹാബലിപ്പാട്ട് എന്നിവയിലേതെങ്കിലുമാണ് പാടുക. ചെണ്ടയാണ് പ്രധാന വാദ്യമായി ഉപയോഗിക്കുന്നത്. ചില സ്ഥലങ്ങളിൽ വില്ലും ഉപയോഗിക്കും. കാർഷികോത്സവത്തിന്റെ ഭാഗമായി വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിലും കുമ്മാട്ടിക്കളി അവതരിപ്പിക്കാറുണ്ട്.

### എന്തെല്ലാം എന്തെല്ലാം?

ഓണത്തിനെന്തെല്ലാം ആഘോഷങ്ങൾ? പൂരിപ്പിക്കൂ.




### എന്റെ നാട്ടിൽ

കുമ്മാട്ടിക്കളിയുടെ വിവരണം വായിച്ചല്ലോ. ഇതുപോലെ നിങ്ങളുടെ നാട്ടിലും ഓണക്കാലത്ത് ചില കലാരൂപങ്ങൾ അവതരിപ്പിക്കാറില്ലേ? അതിനെക്കുറിച്ച് ഒരു വിവരണം തയാറാക്കൂ. ചിത്രങ്ങൾ, കഥകൾ എന്നിവ ശേഖരിച്ച് പതിപ്പ് തയാറാക്കൂ.